(സി) നിയോജക മണ്ഡലാടിസ്ഥാനത്തിൽ ചെലവഴിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

ഭാഗ്യക്കുറിയിൽനിന്നുള്ള വരുമാനം

137(2126) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന ഭാഗ്യക്കുറിയിൽനിന്നുള്ള വരുമാനത്തിൽ എത്ര വർദ്ധനവ് ഉണ്ടായിട്ടുണ്ട് ;

(ബി) ലോട്ടറി നടത്തിപ്പിൽ ഈ കാലയളവിൽ എത്ര ലാഭം ഉണ്ടായിട്ടുണ്ട് ;

(സി) ഈ നേട്ടങ്ങൾക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത് ;

(ഡി) ലോട്ടറി ടിക്കറ്റ് വിൽപനയിൽ റെക്കോർഡ് നേട്ടം കൈവരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ സാമ്പത്തിക വർഷവും സംസ്ഥാന ഭാഗ്യക്കുറിയിൽനിന്നും ലഭിച്ച വരുമാനവും, വരുമാനത്തിലുണ്ടായ വർദ്ധനവും ചുവടെ ചേർക്കുന്നു :

വർഷം	വിറ്റുവരവ് (രൂപ കോടിയിൽ)	വർദ്ധനവിന്റെ ശതമാനം (മുൻവർഷത്തെ അപേക്ഷിച്ച്)
2011-12	1,287.22	130.70
2012-13	2,778.80	115.87
2013-14	3,793.84	36.52
2014-15	5,445.84	43.54
2015-16 (2015 മേയ് വരെ)	896.51	10.19

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാരിന്റെ കാലത്ത് ലോട്ടറി നടത്തിപ്പിൽനിന്നും ലഭിച്ച ലാഭം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	ലാഭം (രൂപ കോടിയിൽ)
2011-12	394.87
2012-13	681.76
2013-14	788.42
2014-15	1,168.26
2015-16	സാമ്പത്തിക വർഷാവസാനം മാത്രമേ യഥാർത്ഥ ലാഭം കണക്കാക്കാൻ കഴിയുകയുള്ളൂ.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 10-8-2011-ലെ ജി.ഒ. (എംഎസ്.) നമ്പർ 105/11/റ്റി.ഡി. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതുതായി 6 പ്രതിവാര ഭാഗ്യക്കുറികൾ ആരംഭിച്ചു. ചെറുകിട ഏജന്റുമാർക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ കമ്മീഷൻ വ്യവസ്ഥകൾ ക്രമീകരിക്കുകയും ഏജന്റുമാരുടെയും ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും നിർദ്ദേശങ്ങൾ അനുസരിച്ച് സമ്മാനഘടനകൾ കാലാകാലങ്ങളിൽ പരിഷ്കരിക്കുകയും ഡിമാന്റനുസരിച്ച് ടിക്കറ്റച്ചടി വർദ്ധിപ്പിക്കുകയും നറുക്കെടുപ്പ് യന്ത്രവത്കരിച്ച് സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ നടപടികളും അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് നിയന്ത്രിച്ചതും നിയമവിരുദ്ധ ലോട്ടറികൾക്കെതിരായ ശക്തമായ നടപടികളും സംസ്ഥാന ഭാഗ്യക്കുറിയുടെ വിൽപ്പന വർദ്ധിക്കുന്നതിനും തത്ഫലമായി ഭാഗ്യക്കുറിയിൽനിന്നുള്ള വരുമാന വർദ്ധനവിനും കാരണമായിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഴ്ചയിൽ എല്ലാ ദിവസവും പ്രതിവാര ഭാഗ്യക്കുറികൾ പുനരാരംഭിച്ചപ്പോൾ പൗർണ്ണമി, വിൻ വിൻ, അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ 25 ലക്ഷം ടിക്കറ്റുകളും ധനശ്രീ, പ്രതീക്ഷ, കാരുണ്യ എന്നീ ഭാഗ്യക്കുറികളുടെ 20 ലക്ഷം ടിക്കറ്റുകളുമാണ് അച്ചടിച്ച് വിതരണം ചെയ്തിരുന്നത്. പിന്നീട് ഡിമാന്റ് വർദ്ധനവിനനുസരിച്ച് ടിക്കറ്റച്ചടിയിൽ ക്രമേണ വർദ്ധനവ് വരുത്തുകയും നിലവിൽ പൗർണ്ണമി, വിൻ വിൻ, അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ 56 ലക്ഷം ടിക്കറ്റുകളും കാരുണ്യ, കാരുണ്യ പ്ലസ് (പ്രതീക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗ്യക്കുറിയുടെ പേര് മാറ്റിയത്) എന്നീ ഭാഗ്യക്കുറികളുടെ 30 ലക്ഷം ടിക്കറ്റുകളും ധനശ്രീ ഭാഗ്യക്കുറിയുടെ 32.50 ലക്ഷം ടിക്കറ്റുകളും അച്ചടിച്ച് വിതരണം ചെയ്യുവരികയും ചെയ്യുന്നു.

കെ.എസ്.എഫ്.ഇ.-യിലെ പെൻഷൻ

138(2127) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.എഫ്.ഇ.-യിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ജീവനക്കാർ കോടതിയെ സമീപിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ നയം വിശദമാക്കാമോ ?

ഉത്തരം

ഉണ്ട്. സ.ഉ.(സാധ) നമ്പർ 340/2015/നി.വ. തീയതി 20-5-2015 പ്രകാരം നിലവിലുള്ള വിരമിക്കൽ പ്രായം ഉയർത്തേണ്ടതില്ലെന്നും കമ്പനിയിലെ ജീവനക്കാർക്ക് നിലവിലുള്ള വിരമിക്കൽ പ്രായം നിലനിർത്താനും ഉത്തരവായിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ സർക്കാർ കേസ് നടത്തിപ്പിലെ കാര്യക്ഷമത

139(2128) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ വിവിധ വകുപ്പുകളിലായി എത്ര സർക്കാർ കേസ്സുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ ;

(ബി) സർക്കാർ കേസ്സുകൾ കാര്യക്ഷമമായി നടത്തുന്നതിന് കൃത്യമായി അവലോകന യോഗം ചേരാറുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ 6 മാസത്തിനിടയിൽ സർക്കാരിനെതിരായി ഏതെങ്കിലും പരാമർശങ്ങൾ കോടതിയിൽനിന്നും വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) സർക്കാർ കേസ്സുകൾ വാദിക്കുന്നതിന് വിവിധ കോടതികളിൽ ആവശ്യത്തിനു സർക്കാർ വക്കിലൻമാരുണ്ടോയെന്നു വെളിപ്പെടുത്തുമോ ;

(ഇ) സർക്കാർ അഭിഭാഷകരുടെ അഭാവംമൂലം കേസ് നടത്തിപ്പിൽ വീഴ്ച വന്നതുമൂലി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly